പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3356 24.06.2013-ൽ മറുപടിക്ക്

ഹോളോഗ്രാം ലേബൽ നിർമ്മിക്കുന്നതിന് സ്വകാര്യ പങ്കാളിത്തം

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടി മദ്യക്കുപ്പികളിൽ സുരക്ഷയ്ക്കായുള്ള ഹോളോഗ്രാം ലേബൽ നിർമ്മിക്കുന്നതിന് സ്വകാര്യ പങ്കാളിത്തം ഉൾപ്പെടുത്തി പുതിയ ടെണ്ടർ വിളിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ;

(എ) ഹോളോഗ്രാം നിർമ്മാണം സ്വകാര്യ മേഖലയ്ക്ക് നൽകാനുദ്ദേശിക്കുന്നില്ല, എന്നാൽ, ഇതിനായുള്ള ഏറ്റവും പുതിയസാങ്കേതികവിദ്യയ്ക്കായി ടി മേഖലയിൽ പരിജ്ഞാനമുള്ളവരിൽ നിന്നും സാങ്കേതികവിദ്യ സ്വീകരിച്ച് സമന്വയിപ്പിച്ച്, അനുകരിക്കാൻ കഴിയാത്ത തരത്തിലുള്ള ഹൈസെക്യൂരിറ്റി ലേബൽ നിർമ്മിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് നിലവിലുള്ള സംവിധാനം മാറ്റി ടെണ്ടർ വിളിക്കേണ്ടിവന്നതെന്ന് വിശദമാക്കാമോ?

(ബി) എക്സൈസ് കമ്മീഷണറുടെ ഒപ്പോടു കൂടിയ ലേബലുകളുടെ അച്ചടിയിലും വിതരണത്തിലും ഇപ്പോൾ എക്സൈസ് വകുപ്പിന് പങ്കാളിത്തമോ നിയന്ത്രണമോ ഇല്ല. സി &എ.ജി യുടെ റിപ്പോർട്ടിൽ, എക്സൈസ് വകുപ്പു തന്നെ ഹൈസെക്യൂരിറ്റി ലേബൽ അച്ചടിച്ച് വിതരണം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽനിക്ഷിപ്തമായ അധികാരം നടപ്പിൽ വരുത്തേണ്ടത് എക്സൈസ് വകുപ്പ് തന്നെയാണ് ഇത്തരം പോരായ്മകളെ മറികടക്കുന്നതിനായി, ലേബലുകളുടെ നിർമ്മാണവും വിതരണവും എക്സൈസ് വകുപ്പിന്റെ പൂർണ്ണ അധീനതയിലും മേൽനോട്ടത്തിലും കൊണ്ടു വരുന്നതിനും, സാങ്കേതികമായും സാമ്പത്തികമായും അനുകരിക്കാൻ ബുദ്ധിമുട്ടുള്ളതും പരിശോധന ചെയ്യാവുന്നതുമായ തെളിയിക്കപ്പെട്ടിട്ടുള്ള സുരക്ഷാ

ഫീച്ചറുകൾ നടപ്പിലാക്കേണ്ടതുണ്ട്. ഒരു നവധി ടെക് നോളജികൾ സമന്വയിപ്പിച്ചും, സുരക്ഷാ ഫീച്ചറുകൾ ഉൾപ്പെടുത്തുകയും വഴി വ്യാജ ലേബലുകൾ നിർമ്മിക്കുക എന്നത് തടയാൻ സാധിക്കും. ഇരുപതിലധികം ഫീച്ചറുകൾ ഉൾപ്പെടുത്തിയ ഒരു പുതിയ ലേബൽ വ്യാജമായി നിർമ്മിക്കുന്നതിന് കോടി കണക്കിന് രൂപയുടെ മുതൽ മുടക്ക് വേണ്ടി വരും. ആയതിനാൽ വ്യാജ ലേബൽ നിർമ്മാണം അപ്രായോഗികമായി തീരും. നിലവിലുള്ള ലേബലിൽ ഹോളോഗ്രാം ഫീച്ചർ മാത്രമാണുള്ളത്. വ്യാജ ലേബലുകൾ നിർമ്മിക്കുന്നത് അതിനാൽ തന്നെ എളുപ്പവും ചെലവു കുറഞ്ഞതുമാണ്.

കെ.എസ്.ബി,സി-യുമായി ഉണ്ടാക്കിയിട്ടുള്ള കരാറിനു വിരുദ്ധമായി, സി-ഡിറ്റ്, ലേബൽ നിർമ്മാണത്തിനായി ഒരു സ്വകാര്യ കമ്പനിയെ തിരഞ്ഞെടുത്തമാനദണ്ഡങ്ങളെന്താണെന്ന് വ്യക്തമല്ല. എക്സൈസ് വകുപ്പിന്റെ അറിവോ സമ്മതമോ, കൂടാതെ സി-ഡിറ്റ്, 'പ്രോസസ് കളർ' എന്ന സ്വകാര്യ കമ്പനിക്ക് പുറം കരാർ നൽകിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇപ്പോൾ പതിപ്പിക്കുന്ന ഹോളോഗ്രാം സ്റ്റിക്കറുകളുടെ മാസ്റ്റർ ഡൈ എക്സൈസിന്റേയോ കെ.എസ്.ബി.സിയുടേയോ സി-ഡിറ്റിന്റേയോ കൈവശമില്ല.

ടി ലേബലുകളുടെ നിർമ്മാണവും വിതരണവും, ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും, എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ശക്തമായ സൂപ്പർവിഷനിലും നിയന്ത്രണത്തിലും ചെയ്യാൻ ഉത്തര വായിട്ടുണ്ട്. ആയതിലേക്ക് എക് സൈസ് വകുപ്പ് സ്വന്തമായി പ്രസ് തുടങ്ങാനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യങ്ങളിലാണ് സി&എ.ജി റിപ്പോർട്ടിന്റെയും എക്സൈസ് വിജിലൻസ് ഓഫീസറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹൈ സെക്യൂരിറ്റി ലേബലുകളുടെ നിർമ്മാണത്തിനായി എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ